032:1M78:11 J5 BADHIRA VILAPAM VALLATHOL

032:1M78:11
J5

178:11 J5
ATHOL
MUL
177598

**Madras University Library**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or bef
the date last marked below.

O. 61

Badhira vilapam

# ബധിരവിലാപം

UNIVERSITY LIBRARY
27 May 1957
MADRAS

★

Vallathol.

വള്ളത്തോൾ

NATIONAL BO

പന്ത്രണ്ടാം പതിപ്പ്:
കോപ്പി 1000.

വില
മൂന്നണ
As. 3

പകർപ്പവകാശം: സി. മാധവക്കുറുപ്പിന്ന്

1955 ഏപ്രിൽ

177598
032:1M78:11
J5

പ്രസാധകന്മാർ,
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.

---

തൃശ്ശൂർ
വള്ളത്തോൾ പ്രിൻറിംഗ് & പബ്ലിഷിങ്ങ് ഹൌസിൽ
അച്ചടിച്ചതു്.

# ബധിരവിലാപം.

ഗദകബളിതമെൻറ കർണ്ണയുഗം
വദനവിഭൂഷണമായ്ച്ചമഞ്ഞു;
കദനമിതൊഴിവാക്കകംബികേ; നിൻ
പദസരസീരുഹദാസനല്ലയോ ഞാൻ? 1

അഴലിതു വരുവാനൊരജ്ഞനാം ഞാൻ
പിഴ പലതും ബത, ചെയ്തുപോയിരിയ്ക്കാം;
അഴകിലവ പൊറുത്തുകൊൾക നീ; തൂ-
ക്കഴലിണയേ മമ താങ്ങലുള്ള തായേ! 2

ശ്രുതിയുടെ പൊരുളെന്ന പുണ്യലോക-
ശ്രുതിപുലരും തവ സേവ ചെയ്യുമീ ഞാൻ
ശ്രുതിവിരഹിതനാകിലു,ൽക്കടാപ-
ശ്രുതി പുതുതായവിടെയ്ക്കു പറവുമല്ലോ! 3

വിവിധതരനിരർത്ഥശബ്ദജാലം
ചെവിയിൽ നിറച്ചിതരശ്രവം മുടക്കി,
അവിരതമഴലേകിടുന്നു മേ, ദു-
ഷ്ടവിനിരപോലനിവാര്യമീ വികാരം. 4

ഇവനു ബത, മരുൽപ്രകോപമൂലം
ശ്രവണവിഘാതമിതെന്നു വൈദ്യപക്ഷം;

UNIVERSITY LIBRARY
27 May 1957

തവ വരുതിയിലുൾപ്പെടാതൊരുത്തൻ
ഭുവനമഹേശി, മരുൽഗണത്തിലുണ്ടോ? 5

മരുദശനവിഭൂഷണാഢ്യമെയ്യായ്,
മരുദുപസേവിതയായ നിന്നെ നിത്യം
കരുതിവരുമെനിയ്ക്കുമദ്രികന്യേ,
മരുദഭിപീഡ പിണഞ്ഞതെത്ര കഷ്ടം! 6

*പവനജനി മഹാഗദാഢ്യ, നിയ്യു-
ള്ളവനഴൽമാഗധനോടു മല്ലിടുന്നു;
ധ്രുവമിഹ വിജയം ലഭിച്ചുകൊൾവാൻ
ഭവതി തുണയ്ക്കണമച്യുതസ്വസാവേ! 7

പലതുമിഹ ചികിത്സ ചെയ്തുനോക്കീ;
ഫലമതിനില്ലിവനേറിടുന്നു രോഗം;
നലമൊടുടനെനിയ്ക്കു നിൻകടാക്ഷാ-
ഞ്ചലപരമൌഷധമേകിടേണമമ്മേ! 8

'വരുമിവനിനി നാളെ രാവിലെയ്ക്കൊ-
ട്ടൊരു സുഖ'മെന്നിരവിൽക്കിടന്നുറങ്ങും;
അരുണതനുലതേ, പുലച്ചനേരം
പെരുത്തു മനസ്സിടിവാന്നുണന്നെണീയ്ക്കും. 9

---

* ഭീമപക്ഷത്തിൽ പവനജനി=വായുപുത്രൻ. മഹാഗദാ-ഢ്യൻ=വലിയ ഗദയുള്ളവൻ എന്നു രണ്ടു പാദം.

ഇതുവിധമൊരു മൂന്നുനാലു നാള-
ല്ല,തുലവിഷാദമൊരാണ്ടിലേറെയായ് ഞാൻ
മുതുദുരിതനിമിത്തമാത്രരക്ഷാ-
ചതുരതരേ, നെറികെട്ടുഴന്നിടുന്നു! 10

കവിയശസി ദുരാശ പൂണ്ടു പൊട്ട-
ക്കവിത പൊഴിച്ചു മഹാജനത്തിനീ ഞാൻ
ചെവിരുജ തടവിച്ച പാപമാവാ-
മവിനയനാം മമ കണ്ണുരോഗഹേതു. 11

കരളിനു കലുഷസ്വഭാവമേകും
പരജനദുർവ്വചനങ്ങൾ കേട്ടിടായ്വാൻ,
പരമിതുപകരിയ്ക്കുമെന്നുവെച്ചോ
ഹരദയിതേ, ഹരിയാത്തതെൻഗദം നീ? 12

ഗൃഹജനനി, മുദാ കിടാങ്ങൾ കൊഞ്ചും
സുഹസിതമഞ്ചിന കൊഞ്ചൽ കേൾപ്പതോളം
ഇഹ സുഖകരമെന്തു വേറെയുള്ളൂ?
വിഹതമെനിയ്ക്കതു ഹന്ത ദുഷ്കൃതത്താൽ! 13

പ്രണയികളൊടുകൂടി നർമ്മസംഭാ-
ഷണപരമോത്സവവും സമാപ്തമായ് മേ;
പ്രണവമയി, ജഗൽബഹിഷ്കൃതൻ ദു-
ർഗ്ഗുണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ! 14

വെടിപറയുവതിന്നു കൂട്ടുകാരെ-
ജ്ഝടിതി തിരഞ്ഞുപിടിച്ചിരുന്നൊരെന്നെ,
കുടിലവിധി ജനങ്ങളോടു ചേരാൻ
മടിപെരുതുള്ളവനാക്കി വിട്ടിതിപ്പോൾ. 15

പരിചിതർ പഥി കണ്ടുമുട്ടി മുന്മ-
ട്ടരിമയിൽ വല്ലതുമോതുവാൻ തുടർന്നാൽ;
‘ദുരിതമിതറിവാമിവർക്കു’മെന്നോ-
ർത്തരിയുമകത്തഴലൊത്തു ലജ്ജയും മേ. 16

കവികൾ മമ സഖാക്കളൊത്തുകൂടി-
ക്കവിതകൾ ചൊല്ലിയെഴും സദസ്സു പുക്കാൽ,
ചെവിയടവുടയോരെനിക്കു തള്ളി-
ക്കവിയുമഴൽക്കതിരെങ്ങു കാവ്യലോലേ? 17

പുലരുമളവിളങ്കളസ്വനത്താ-
ലുലകിനധീശ്വരി, ഹന്ത, നിന്മഹത്വം,
പല പറവകൾ പാടിടുന്ന പാട്ടാൽ
ഫലമിനിയില്ലിവനെന്നു വന്നുവല്ലോ! 18

വനരുചി വളരും വസന്തകാല-
ത്തനഘതരസ്വരമാർന്ന കോകിലങ്ങൾ,
മനതളിർ കുളിരുംപടിക്കു കൂകും
നിനദമെനിക്കിനിയോർത്തിരിക്കുമാത്രം! 19

ലളിതതനു, ഭവൽകരസ്ഥമാം പൈ-
ങ്കിളിയുടെ കൂട്ടർ തെളിഞ്ഞു കൊഞ്ചിടുമ്പോൾ,
ഗളിതസുകൃതനാമിവന്റെ കണ്ണ-
ങ്ങളിലതു തൂമധു തൂകിടാതെയായീ! 20

ഭവസഹചരി, ഭക്തരാത്തരാഗം
ഭവദപദാനശതങ്ങൾ പാടിടുമ്പോൾ,
ഇവനിനിയതു കേട്ടു മോദബാഷ്പ-
സ്രവമൊടു കോൾമയിർപൂണ്ടു നില്പതെന്നോ? 21

സ്ഫുടമുഷസി കരൾക്കളണച്ചുനല്കും
പടഹസമം കടലിന്റെ കോളിരമ്പം,
കടലരികിൽ വസിയ്ക്കിലും ശ്രവിപ്പാൻ
തടവിവനേററിതു; ഹന്ത, കാലദോഷം! 22

ചൊടിപെടുമസുരക്കു കാളി, നീളെ=
ത്തടിവിറ നല്കിന താവകാട്ടഹാസം
ഝടിതി കരളിലോർമ്മയാകുമാറു-
ള്ളിടിരവവും ചെവി പൂകിടാതെയായ് മേ. 23

വിവിധമുലകിലുള്ള ശബ്ദമൊന്നും
ചെവിയിണതന്നിലണഞ്ഞിടായ്കയാൽ മേ
അവിരതമലസത്വമാർന്നകക്കാ-
നവിരളനിദ്രയിലാണ്ടപോലെയായീ! 24

നവനവപരിതാപഹേതുവാമെൻ-
ശ്രവണവിപത്തവിടുന്നു തീൎത്തിടായ്കിൽ
ശിവമഹിഷി, മനം മയങ്ങി മാഴ്കു-
ന്നിവനുടെ ജന്മമിതെത്ര പാഴിലാകും! 25

ക്ലമമൊഴിവതിനൊന്നുകിൽ പ്രപഞ്ച-
ഭ്രമമിതു തീൎത്തുതരേണ,മല്ലയെങ്കിൽ,
മമ ചെവിരുജ മാറുവാൻ ഭിഷക്സ-
ത്തമദയിതേ, ദയ ചെയ്യണം ക്ഷണം നീ. 26

ജവമൊടു വിജയപ്രഭാവമേകും
തവ പദസേവനമാചരിച്ചൊടുക്കം,
ശിവശിവ, ഹതകൎണ്ണനാകിലും, ഞാൻ
ഭവഭവനേശി; തുലോമപാൎത്ഥനായീ! 27

* ഇവനറിയരുതംബ, മേലിലെന്നോ,
തവ കണവൻെറ കചങ്ങൾതൻ ഗുണത്തെ?
അവയൊടു ചിലവേള ചേൎച്ചകോലും
ഭവദരുണാംഘ്രി ഭജിച്ചതിങ്ങിതിന്നോ? 28

പലപൊഴുതുമുമേ, ഗുണോത്തരശ്രീ-
വിലസിന നിൻപദമോടിണങ്ങിയാലും,

---

* ശിവൻ വ്യോമകേശനെന്നും, ആകാശം ശബ്ദഗുണകമെന്നും പ്രസിദ്ധം. ചിലവേള=പ്രണയകലഹസമയങ്ങളിൽ.

അലമപഗുണമായിതോ ഹരൻതൻ-
തലമുടിയെന്നിവനോർത്തുപോം ചിലപ്പോൾ! 29

നിരവധിത്വ, വിഭുത്വമെന്നിവററിൽ-
പ്പരമചിദാത്മികയായ നിൻെറ സാമ്യം
ചിരമുടയ നഭസ്സു നിൻകിടയ്ക്കി-
ത്തരമൊരു നിർഗ്ഗുണമട്ടുമാർന്നിരിക്കാം! 30

അനുപധി ഗുണഹാനി വാനിനേകി
തനുതരമാം തവ മദ്ധ്യമെന്നു, പണ്ടേ
അനുപമകവിവര്യവാക്കു കേൾപ്പു-
ണ്ടു,നുഭവസിദ്ധമെന്നിതിപ്പൊഴാർക്കും! 31

ഭവദനഘചരിത്രഗാനമാണോ-
രിവനൊരു‘പശ്രുതി’യെന്നു കേട്ടു പാററി;
ധ്രുവമുടനവതാളവും പിണഞ്ഞൂ;
തവ മതമിപ്പടിയോ നടേശജായേ! 32

ഉരുപശമഗദാർത്തനാമെനിക്കു-
ള്ളുരുതരസങ്കടമാരൊടോതിടേണ്ടൂ?
വിരുതെഴുമവിടുന്നൊഴിഞ്ഞിവന്നി-
ല്ലൊരു പരദേവത; പാഹി പാഹി നാഥേ! 33

ഉലകിതു സുഖദുഃഖമിശ്രമെന്നായ്-
പ്പലരുമുരപ്പതസത്യമല്ലയെങ്കിൽ,
ചില സുഖശകലങ്ങൾ വല്ലപോതും
കലരുവതിന്നവകാശമില്ലയോ മേ? 34

ഹരി മുതലൊരു പേൻവരെയ്ക്കുമുള്ളോ-
ക്കരിയ സുഖം വിഭജിച്ചു നല്കിടുമ്പോൾ,
ദുരിതഭരിതനാമിവൻെറ കാര്യം
ഗിരിശകുടുംബിനി, നീ മറന്നിരിയ്ക്കാം! 35

പെരുവഴി പിഴയാത്ത ലോകയാത്ര-
യ്ക്കൊരുവിധവും വിരുതില്ലെനിയ്ക്കു പണ്ടേ;
കുരു പുനരപി കൂനിലാന്നവൻ പോ-
ലൊരു ചെവിപൊട്ടനുമായി ഞാനിദാനീം! 36

തരമടിയനു ലൗകികത്തൊഴിൽക്കെൻ-
പരമശിവേ, കുറവായിവന്നുവല്ലോ;
ചിരമിനി വിജനത്തിൽ വാണു നിൻതൃ-
ച്ചരണനിഷേവണമൊന്നുതന്നെ പോരും. 37

വിലപിതമിദമെന്തിനിനി?-ങ്ങനർത്ഥം
പലതിനിയും വരുമെങ്കിൽ വന്നിടട്ടേ;
അലഘുസുഖകരം മഹേശി, നിങ്കാ-
ലലരിവനപ്പൊഴുതേറെയോർക്കുമല്ലോ! 38

177598
O32:1M78:11
J5



UNIVERSITY
27 May 1957
MADRAS

കദനമഖിലവും കളഞ്ഞിടും ത്വ-
പ്പദഭജനത്തിനിതാസ്ഥ നല്കമെങ്കിൽ,
ഗദഹരർ പറയുംവിധം ശിവേ, മൽ-
ഗദമിതു പാവനമെന്നുതാനുരയ്ക്കാം. 39

സ്വയമഥ ചെവിപോലെ മററു നാലി-
ന്ദ്രിയവുമിവന്നു വിനഷ്ടമാകിലാട്ടേ;
ഭയശമകരി, ചിത്തമങ്ങയിൽത്താൻ
നിയതമുറയ്ക്കണ,മെങ്കിൽ ഞാൻ കൃതാൎത്ഥൻ. 40

പുരമഥനപുരന്ധ്രി, പുണ്യലക്ഷ്മീ-
പുരടമണിപ്പുരയായ്, പ്പുരാണമായി,
പരസുഖമയമായ നിൻസ്വരൂപം
കരളിലിരിപ്പവനല്ലലെന്തു പിന്നെ? 41

ഇവനുടലിതു നിത്യമെന്നുറച്ചി
ശ്രവണഗദക്ഷതി നേൎന്നിടുന്നു കഷ്ടം;
ഭവതി കനിയുകിൽശ്ശമിയ്ക്കുമല്ലോ
ഭവദയിതേ, ഭവമൃത്യുബാധപോലും! 42

വിരവിലിവനെ നീ മൃഡാനി, വീണ്ടും
നരകനടുക്കുഴിയിങ്കൽ [illegible]
സുരവരപുരിയിൽ [illegible]
ചരണയുഗം തവ [illegible]ൻ. 43

MUL
177598

മലർശരജയവൈജയന്തി, മഞ്ജി-
ന്മലയുടെ മഞ്ജുളമംഗളക്കുരുന്നോ,
മലയജമഹനീയമന്ദഹാസാ-
മലവദനേ; ജയ മാമരക്കഴന്നോ! 44

ചലദുരസിജഭാരതാരഹാരേ,
തിലകരുചിദിഗ്ഗ്രണ്ണാനനാംശുപൂരേ,
ജലജശരവിരോധിഭാഗ്യധാരേ,
വിലസുക മേ ഹൃദി വിശ്വവൃക്ഷവേരേ! 45

തിലവിതതിയിലെണ്ണയെന്നതിന്മ-
ട്ടുലകിതിലൊക്കയുമുള്ളിലും പുറത്തും
വിലസുകിലുമസംഗയായ നിന്നെ-
പ്പലവഴിയായ്ത്തിരയുന്നു പണ്ഡിതന്മാർ. 46

അരനിമിഷമഖണ്ഡശക്തിയാം നിൻ
വിരഹമതേല്ക്കുകിലപ്പൊഴിപ്രപഞ്ചം
പരവശമൊരു ചേഷ്ടയും പെടാതേ
ഹര, ഹര, ചിത്രഗതാഭമാകുമല്ലോ. 47

കുലശിഖരികുമാരികേ, നിനക്കീ-
യുലകു കളിപ്പുരതന്നെയാണശേഷം:
പലപൊഴുതിതു തീർത്തു, കാത്തൊടുക്കം
വിലയമണച്ചു രസിച്ചിടുന്നു നീതാൻ. 48

അധനതയണയുന്ന വൻപണക്കാ-
ർക്കധമനൊരുത്തമനായ്ച്ചമഞ്ഞിടുന്നു;
വിധമഖിലമനുക്ഷണം പകൎന്നീ-
വിധമിഹ കാണ്മതുമംബ, നിൻ പ്രയോഗം! 49

അഹിതപരനനാമയാഢ്യനായും,
വിഹിതഹിതൻ വിവിധാൎത്തിപാത്രമായും,
മഹിയിൽ മരുവിടുന്നു; ഹാ, ശിവേ, നിൻ
മഹിതതരം മറിമായമാരറിഞ്ഞു? 50

അലഘുതരവിലാസശീലയാം നീ
സുലളിതരൂപിണി, നന്ദഗോപകന്യേ,
നലമൊടു ഭവമായ പമ്പരത്തെ-
പ്പലവിധമിട്ടു തിരിച്ചിടുന്നു നിത്യം. 51

ബത, ബഹുവിധകൎമ്മബദ്ധരായ-
ച്യുതഗിരിശാദികളും പ്രപഞ്ചദുഃഖം
സതതമനുഭവിച്ചിടുന്നു; പിന്നീ-
ടിതരശരീരികളെന്തു ഹന്ത, നാഥേ! 52

അഗദത വരുവാനു,മാത്മബോധം
വിഗളിതവിഭ്രമമുത്ഭവിയ്ക്കുവാനും,
നിഗമശതനിലീനയായ നിങ്കൽ-
ബ്ഭഗവതി, ഭക്തിഭരം ഭവിയ്ക്കണം മേ. 53

നവനിധിപതിയാം വെറും ദരിദ്രൻ,
കവനവിദഗ്ദ്ധത മൂകനും കിടയ്ക്കും;
ഭവതിയിലൊരു ഭക്തിലേശമാർന്നാ-
ലവനഖിലേഷ്ടവുമംബികേ, കരസ്ഥം! 54

ഇടരൊടുമൊരു ഭിക്ഷുപോലവേ പ-
ണ്ടടവികൾ ചുററിന രാമ,നാദിമായേ,
കടലിനു ചിറയിട്ടു ചെന്നു വൈരി-
പ്പടകളെ വെന്നതു നിൻപ്രസാദലേശം. 55

നിരവധിമദമത്സരാദിയാദോ-
നിരകൾ നിറഞ്ഞ ഭവാബ്ധിയെക്കടപ്പാൻ
നിരയഭയ്നിഹന്ത്രി, യാനപാത്രം
നിരഘഭവൽപദഭക്തിമാത്രമത്രേ. 56

ഭയഭരകരബന്ധമാം ഭവാഖ്യ-
ക്കയറിനു വാൾ ഭവദംഘ്രിഭക്തിയല്ലോ;
ഉയരെ വിലസിടുന്ന മുക്തിസൌധം
കയറുവതിന്നിതുതന്നെ തക്ക കോണി. 57

നിരവധികസുഖൈകഹേതുവാകും
സ്ഥിരതരഭക്തി വിശേഷമാക്ക നിന്നിൽ,
ഹരസഹചരി, നാകലോകവും ദു-
ർന്നരകവുമാ നരമുഖ്യനൊന്നുപോലെ! 58.

മമ ജനനി, മനത്തടത്തിൽ നട്ടാ-
രമലഭവൽപദഭക്തികല്പവല്ലി
സുമധുരഫലമേന്തുമാറപാസ്ത-
ക്ലമമിഹ തൂകുക സൽകൃപാമൃതം നീ. 59

അഖിലശുഭദയാം വിരക്തിയാകും
സഖി പരിചർയ്യകൾ ചെയ്വതേററജസ്രം
സുഖിതയൊടിഹ ഭക്തിയായ പൊയ്ത്താർ-
മുഖിയൊടുമൊത്തു രമിപ്പനംബികേ, ഞാൻ! 60

കർമ്മജ്ഞാനസമാഖ്യയോഗയുഗള
ത്തെക്കാളനായാസമായ്-
ശ്ശർമ്മം ചേർപ്പതു ഭക്തിയോഗവിധിയാ-
ണെന്നാണു, വിദ്വജ്ജനം
മർമ്മം കണ്ടുരചെയ്വതൊ;—ട്ടലിവൊടെൻ...
വിശ്വേശി, നിശ്ശേഷദു-
ഷ്കർമ്മക്കാടിനൊരഗ്നിയാമതടിയ-
ന്നായത്തമാകേണമേ! 61

177598
032:1M78:11
J5
UNIVERSITY L...
27 May 19..
MADRAS
MUL
177598

14 SEP 1957